ആദായകരമല്ലാത്ത സ്കൂളുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ

84 (2023) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. മത്തായി ചാക്കോ :
ശ്രീമതി ഗിരിജാസുരേന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എക്കോണമിക് എന്ന പേരിൽ അടച്ചുപൂട്ടുന്ന സർക്കാർ സ്കൂളുകൾ മറ്റേതെങ്കിലും ഏജൻസിക്ക് വിറ്റഴിച്ച് പണം സർക്കാരിലേക്ക് മുതൽ കൂട്ടണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഈ വർഷം അൺ എക്കണോമിക് ആയ എത്ര വിദ്യാലയങ്ങളാണ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നത് ; ഇവയിൽ സർക്കാർ സ്കൂളുകൾ എത്ര ; എയിഡഡ് സ്കൂളുകൾ എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഭരണ പരിഷ്ക്കാര പരിപാടികളിൽ സ്കൂളുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണുള്ളത് ;

(ഡി) സ്കൂളുകൾ പൂട്ടുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

എയ്ഡഡ് സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ് ആരംഭിക്കുവാനുള്ള തീരുമാനം

85 (2024) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ് ആരംഭിക്കുവാൻ അനുമതി നൽകുകയുണ്ടായോ ;

(ബി) എയ് ഡഡ് സ്കൂളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ തുടങ്ങുന്നതുകൊണ്ട് വേണ്ടിവരുന്ന അദ്ധ്യാപക നിയമനത്തിന് എന്തു തുക അധികമായി ചെലവാകും ;

(സി) ഗവൺമെന്റ് സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുമതി നൽകിയിട്ടുണ്ട്.

(ബി) സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകരുതെന്ന നിബന്ധനയിലാണ് ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ തുടങ്ങാൻ അനുവാദം കൊടുത്തിട്ടുള്ളത്.

(സി) ഉണ്ട്.

പുതുതായി ആരംഭിക്കുന്ന സ്കൂളുകൾ

86 (2025) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പുതുതായി സ്കൂളുകൾ അനുവദിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള അപേക്ഷ ക്ഷണിച്ചുവോ ;

(സി) എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചു ;

(ഡി) ഈ വർഷം സ്വാശ്രയ സ്കൂളുകൾ അനുവദിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) സ്വാശ്രയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നുണ്ട്.

പുതിയ അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നിർദ്ദേശം

87 (2026) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ ;

(ബി) എത്ര അപേക്ഷകളാണ് അംഗീകാരത്തിനായി സർക്കാരിന് ലഭിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly